# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 807          08.03.2012 - ലെ മറുപടി

## കൽപ്പറ്റ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ വിപുലീകരണത്തിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി ശ്രേയാംസ് കുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത മേഖലയിൽ വയനാട് ജില്ലയിൽ ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി സുൽത്താൻ ബത്തേരി ഡിപ്പോയിൽ നിന്നും 4 സർവ്വീസും മാനന്തവാടിയിൽ നിന്ന് 6 സർവ്വീസും കൽപ്പറ്റയിൽ നിന്ന് 2 സർവ്വീസും പുതുതായി ആരംഭിച്ചിട്ടുണ്ട്.<br>വയനാട് ജില്ലയിൽ യാത്രാക്ലേശം പരിഹരിക്കുന്നതിലേക്കായി സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ എന്നീ യൂണിറ്റുകളിൽ പുതിയതും, പഴയതുമായ 8 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.<br>വയനാട് ജില്ലയുടെ വകസനവുമായി ബന്ധപ്പെട്ട് കൽപ്പറ്റ യൂണിറ്റിൽ വർക്ക്ഷോപ്പ് നവീകരണത്തിനായി 6.5 ലക്ഷം രൂപയും, ഇൻസ്പെക്ഷൻ പിറ്റ് നിർമ്മാണത്തിന് 8 ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ്, ടയർ സെക്ഷൻ എന്നിവ നിർമ്മിക്കുന്നതിനായി 3.5 ലക്ഷം രൂപയും വനിതാ യാത്രക്കാർക്കായി വിശ്രമ കേന്ദ്രവും, ടോയ്ലറ്റ് |

| | | | |
|---|---|---|---|
| | | | സമുച്ചയവും നിർമ്മിക്കുന്നതിന് 22 ലക്ഷം രൂപയും അനുവദിച്ചു.<br>സുൽത്താൻബത്തേരി യൂണിറ്റിലെ മെക്കാനിക്കൽ ജീവനക്കാരുടെ ടോയ്‌ലറ്റ് നവീകരിക്കുന്നതിനായി 2,03,975/- രൂപയും മറ്റ് ജീവനക്കാർക്കുള്ള ടോയ്‌ലറ്റ് നവീകരണത്തിനായി 2,93,525/- രൂപയും, വിശ്രമ കേന്ദ്ര നവീകരണത്തിനായി 4,92,525/- രൂപയും കൂടാതെ വനിതാ യാത്രക്കാർക്കുള്ള വിശ്രമ കേന്ദ്രവും, ടോയ്‌ലറ്റ് സമുച്ചയവും നിർമ്മിക്കുന്നതിന് 35 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | കൽപ്പറ്റ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നടപ്പിൽ വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് കേന്ദ്ര-സംസ്ഥാന പൊതുമേഖലാ എംപ്ലോയീസ് ഫേഡറേഷന്റെ വയനാട് ജില്ലാ കമ്മിറ്റി സമർപ്പിച്ചിരിക്കുന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കൽപ്പറ്റ ഡിപ്പോയുടെ അടിസ്ഥാന സൗകര്യ വികസനവും പുതിയ ബസ്സുകൾ ഉപയോഗിച്ച് അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതും കൽപ്പറ്റയുടെ പ്രാന്തപ്രദേശങ്ങളിലേക്ക് സർവ്വീസുകൾ അരംഭിക്കണമെന്നതുമാണ് നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ. |
| (സി) | പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | അടിസ്ഥാന സൗകര്യവികസനത്തിന് ആവശ്യമായ ഫണ്ടും പുതിയ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് നിവേദനത്തിലെ ആവശ്യങ്ങൾ നടപ്പിലാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ